# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **8235** 17.07.2014-ൽ മറുപടിയ്ക്ക്

## ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ

| ചോദ്യം: | | ഉത്തരം: | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും, വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | ജാതി സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ കുലത്തൊഴിൽ വൈദഗ്ധ്യം പ്രകടമാക്കണം എന്നാവശ്യപ്പെട്ട ഇരുട്ടി തഹസീൽദാരുടെ നിലപാട് സംബന്ധിച്ച് വന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പട്ടികജാതി സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത്, പട്ടികജാതി പട്ടികവർഗ്ഗ സർട്ടിഫിക്കറ്റുകൾ നൽകുന്നതും നൽകിയവ ക്രമപ്പെടുത്തുന്നതും 1996-ലെ കേരള (പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും) സമുദായ സാക്ഷ്യപത്രം നൽകൽ ക്രമപ്പെടുത്തൽ ആക്റ്റ് (Act 11/1996) പ്രകാരമാണ്. പ്രസ്തുത ആക്റ്റിലെ സെക്ഷൻ 4 പ്രകാരം, സമുദായ സാക്ഷ്യപത്രം ലഭിക്കുന്നതിനായി നിശ്ചിത ഫാറത്തിൽ, ആയത് നൽകുന്നതിനു ക്ഷമതയുള്ള അധികാരി മുമ്പാകെ അപേക്ഷ നൽകേണ്ടതാണ്. ആയതിന്മേൽ അപേക്ഷകന്റെ അവകാശം പരിശോധിച്ച്, നിജസ്ഥിതി ബോദ്ധ്യപ്പെട്ട് ക്ഷമതയുള്ള ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട തഹസീൽദാർ സാക്ഷ്യപത്രം നൽകിവരുന്നു. |
| (സി) | മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെടുന്ന ആളാണെങ്കിൽ ഇവരുടെ കുട്ടികൾക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് ഇപ്പോൾ നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച് കിർത്താഡ്സ് ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (സി) | മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെടുന്ന വ്യക്തിയാണെങ്കിൽ, അവകാശപ്പെടുന്ന സമുദായത്തിനോടുള്ള ആഭിമുഖ്യം, ആചാരമര്യാദകൾ പാലിക്കപ്പെടുന്ന സാഹചര്യങ്ങളും മറ്റും പരിശോധിച്ച് അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകിവരുന്നു. 20.11.2008-ലെ സ.ഉ(എം.എസ്) 109/2008/പജ.പവ.വി.വ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ചാണ് സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | നൽകിവരുന്നത്. കിർത്താഡ്സിൽ നിന്നും ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | മിശ്രവിവാഹിത ദമ്പതികളുടെ ഒരു പങ്കാളി പട്ടികജാതിയിലുൾപ്പെട്ടതാണെങ്കിൽ ഇവർക്ക് പട്ടികജാതി ആനുകൂല്യം നൽകുന്നതു സംബന്ധിച്ച് ഏതെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കോടതിയാണ് വിധി പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത വിധിയിൽ അപാകതകളുണ്ടെങ്കിൽ ആയത് പരിഹരിച്ച് ജാതി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ഡി) | ഉണ്ട്, കേരള ഹൈക്കോടതിയുടെ 10.08.2005- ലെ വിധിന്യായം (ഇന്ദിര Vs. സ്റ്റേറ്റ് ഓഫ് കേരള) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. മിശ്രവിവാഹ ദമ്പതികളുടെ കുട്ടികളുടെ പട്ടികജാതി/പട്ടികവർഗ്ഗ അവകാശവാദവുമായി ബന്ധപ്പെട്ട വിഷയം വകുപ്പിൽ സമഗ്രമായി പരിശോധിച്ചുവരുന്നു. ബഹു:സുപ്രീം കോടതിയുടെ 18.01.2012-ലെ, രമേഷ്ഭായി ദബായി നായിക Vs. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് കേസ്സിലെ, (C.A.No.654/2012) വിധിന്യായ പ്രകാരമാണ് ഇപ്പോൾ മിശ്രവിവാഹിതരുടെ മക്കൾക്ക് സമുദായ സാക്ഷ്യപത്രം അനുവദിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**